# മത്സരികളാകാതിരിക്കുക

എബ്രായർ 3:15

**ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ മത്സരത്തിൽ എന്ന പോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്.**

ഇന്ന് നാം ആയിരിക്കുന്ന ഈ ലോകത്തിലുള്ള സകല ജനതകളോടുമുള്ള ഒരു താക്കീതിന്റെ ശബ്ദമായി ഈ വചനത്തെ നമുക്ക് കാണാം. ഇവിടെ ദൈവത്തിന്റെ ശബ്ദം കേട്ടിട്ട് മത്സരിച്ചവർ, മോശ മുഖാന്തരം മിസ്രയീമിൽ നിന്ന് പുറപ്പെട്ട യിസ്രായേൽ ജനമെങ്കിലും, ഇന്നിത് നാം ഓരോരുത്തരോടുമുള്ള ഒരു ഓർമ്മപ്പെടുത്തലാണ്. അവരുടെ ശവങ്ങൾ മരുഭൂമിയിൽ വീണു പോയി എന്ന് നാം മറന്നു പോകരുത്. യഹോവയുടെ സ്വന്ത ഭുജങ്ങളാൽ വിടുവിക്കപ്പെട്ട ജനം തങ്ങളുടെ മറുതലിപ്പ് മൂലം മാത്രമാണ് വീണു പോയത്. അനേകം തവണ അവരോട് ക്ഷമിച്ച് അവരെ വഴി നടത്തിയ ദൈവത്തെ അവർ വിശ്വസിച്ചില്ല, സ്നേഹിച്ചില്ല, അനുഗമിച്ചുമില്ല. അവർ തെറ്റിപ്പോകുന്ന ഹൃദയമുള്ളവരും ദൈവത്തിന്റെ വഴികളെ അറിയാത്തവരുമായി തീർന്നു.

ഇന്ന് നാമും ഈ യിസ്രായേൽ മക്കളെ പോലെ ആണോ എന്ന് ചിന്തിച്ച് നോക്കുക. അവന്റെ ശബ്ദം കേട്ടിട്ടും സ്നേഹം അനുഭവിച്ചിട്ടും വീണ്ടും പാപത്തിലേക്ക് എടുത്ത് ചാടാനുള്ള വെമ്പൽ ഉള്ളിൽ സൂക്ഷിക്കുന്നവരാണോ എന്ന് ചിന്തിക്കുക. അനുസരണക്കേടിന്റെ ഒരു ഭാവം നമ്മിൽ ഉണ്ടെങ്കിൽ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു "എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ല എന്നു ആണയിട്ടതു അനുസരണം കെട്ടവരോടല്ലാതെ പിന്നെ ആരോടാകുന്നു?'' (എബ്രായർ 3:18). അതു കൊണ്ട് നാം ഓരോരുത്തരും ഓർക്കേണ്ട ഒരു കാര്യമുണ്ട്, ദൈവം സ്നേഹമാണ്. അവനു നമ്മെ സ്നേഹിക്കാതിരിക്കാൻ കഴിയില്ല. പക്ഷെ മനപൂർവ്വമായി ആ സ്നേഹം വേണ്ട എന്നു വയ്ക്കുന്നവരായി നാം മാറരുത്. കാരണം "ആദ്യവിശ്വാസം അവസാനത്തോളം മുറുകെ പിടിച്ചു കൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായി തീർന്നിരിക്കുന്നുവല്ലോ'' (എബ്രായർ 3:14)

ആയതിനാൽ അവരെപ്പോലെ സദ്വർത്തമാനം കേട്ടവരായ നമുക്കും അത് വിശ്വാസമായി പരിണമിക്കണം. ഇല്ലെങ്കിൽ കേട്ടതു കൊണ്ട് കാര്യമില്ല. അതു കൊണ്ട് കേൾക്കുന്ന ഓരോ വചനവും എന്നോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ അടയാളമാണെന്ന് കണ്ടു കൊണ്ട് അനുസരണയുള്ളവരായി, വിശ്വാസമുള്ളവരായി ജീവിക്കാൻ കഴിയണം.

അങ്ങനെയെങ്കിൽ നമുക്കും അവന്റെ സ്വസ്ഥതയിൽ പ്രവേശിക്കാൻ കഴിയും. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം

എബ്രായർ 4:11

അതു കൊണ്ട് ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനൊത്തവണ്ണം വീഴാതിരിക്കേണ്ടതിന്നു നാം ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്ക.

സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 042